# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.9/912/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.9/912/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ.പുഷ്പരാജ്.വി.കെ .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ. പി.എസ്.ജ്യോതിസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സാജുമോൻ പത്രോസ് | സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീ. സുനിൽകുമാർ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 14-07-2019 |
| ശ്രീ. പി.സി.സേവ്യർ | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രുതി. പി.എൽ | കൃഷി ഓഫീസർ | 01-04-2019 | 27-07-2019 |
| ശ്രീമതി. സമീറ | കൃഷി ഓഫീസർ | 29-07-2019 | 31-03-2020 |
| ഡോ.ജയന്തി.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 31-05-2019 |
| ഡോ.അമ്പിളി.എ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-06-2019 | 31-03-2020 |
| ഡോ.കെ.ജെ.യേശുദാസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.കെ.വി.മോഹൻദാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.സ്മിത വിൽസൺ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. നീതു.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബീനമോൾ.ഡി | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സീന.ജി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 07-12-2019 |
| ശ്രീ.വിഷ്ണു | അസിസ്റ്റന്റ് എഞ്ചിനീയർ (അധിക ചുമതല) | 08-12-2019 | 09-01-2020 |
| ശ്രീമതി. സിനി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-01-2020 | 31-03-2020 |
| ശ്രീമതി. പ്രമീള.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തണ്ണീർമുക്കം | 01-04-2019 | 26-06-2019 |
| ശ്രീമതി. ആശാലത വിജയൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തണ്ണീർമുക്കം | 27-06-2019 | 28-11-2019 |
| ശ്രീ.ഹാഷിഫ്.എച്ച് | വില്ലേജ് എക്സ്റ്റെൻഷൻ | 29-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ, തണ്ണീർമുക്കം | | |
| ശ്രീമതി. സ്മിത.ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മുട്ടത്തിപ്പറമ്പ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ആശാലത വിജയൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കൊക്കോതമംഗലം | 01-04-2019 | 31-03-2020 |
| ശ്രീമതി. രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 20-01-2020 |
| | | 01-03-2020 | 31-03-2020 |
| ശ്രീമതി. സലില.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-01-2020 | 29-02-2020 |
| ശ്രീമതി. ലീന ഡെന്നീസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജയശ്രീ .പി. നായിക് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ. സുനിൽകുമാർ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 29-07-2019 | 31-03-2020 |

കൃഷി ഓഫീസർ 28.7.2019 ഒഴിവ് അസിസ്റ്റന്റ് സെക്രട്ടറി 24.7.2019 മുതൽ 28.7.2019 വരെ ഒഴിവ്

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-1 |
| 2 | ബജറ്റിന്റെ അവലോകനം നടത്തുന്നില്ല<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-2-1 |
| 5 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: A.D.Beena (Asst. Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-6 |
| 9 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-7 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-8 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-9 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Pushparaj V.K (Asst. Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-10 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി- കുടിശ്ശിക<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-11 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-12 |
| 15 | വാടക യഥാസമയം ഈടാക്കുന്നില്ല<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-13 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-14 |
| 17 | 2018 ൽ നൽകിയ ഓണം അഡ്വാൻസ് തുക പൂർണ്ണമായി തിരികെ ഈടാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| | Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | |
| 18 | തനത് ഫണ്ട് വൗച്ചർ ചെലവ് - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-16 |
| 19 | അതിജീവനം - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-17 |
| 20 | സാന്ത്വനം - KMSCL സാധനങ്ങൾ ലഭ്യമാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-18 |
| 21 | മുട്ടക്കോഴി വിതരണം-പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-19 |
| 22 | എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം- ടെണ്ടർ നിരക്കിനേക്കാൾ കൂടിയ തുക അനുവദിച്ചു.<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-20 |
| 23 | ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-21 |
| 24 | ഫണ്ട് വകമാറ്റി ചെലവഴിച്ചു<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-22 |
| 25 | അംഗൻവാടികളുടെ ഇലക്ട്രിഫിക്കേഷൻ ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്തില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-23 |
| 26 | പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടുന്നില്ല പഞ്ചായത്തിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-24 |
| 27 | ഇ-ടെണ്ടർ ഫീസ്<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-25 |
| 28 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-26 |
| 29 | റിട്ടെൻഷൻ മടക്കി നൽകിയപ്പോൾ ജി.എസ്.ടി ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-27 |
| 30 | ഡിസ്പ്ലേ ബോർഡുകൾക്ക് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നില്ല<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 10-01-2022) | 1-28 |
| 31 | വീട് വാസയോഗ്യമാക്കൽ(പട്ടികജാതി)- അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-29 |
| 32 | ലൈഫ് മിഷൻ ഭവന നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 1-30 |
| | ഭാഗം **2** | |
| 1 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല<br>Written By: Lekha (Auditor, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 2-1 |

| | | |
|---|---|---|
| 2 | മോട്ടോർറണ്ണിംഗ് ഫീസ് ഈടാക്കിയില്ല<br>Written By: Lekha (Auditor, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 2-2 |
| ഭാഗം **3** | | |
| 1 | 2018 ൽ നൽകിയ ഓണം അഡ്വാൻസ് തുക പൂർണ്ണമായി തിരികെ ഈടാക്കിയിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 3-1 |
| 2 | എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം- ടെണ്ടർ നിരക്കിനേക്കാൾ കൂടിയ തുക അനുവദിച്ചു.<br>Written By: C.C Jyothimon (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 3-2 |
| 3 | അംഗൻവാടികളുടെ ഇലക്ട്രിഫിക്കേഷൻ ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്തില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: C.C Jyothimon (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 3-3 |
| 4 | പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടുന്നില്ല പഞ്ചായത്തിന് നഷ്ടം<br>Written By: C.C Jyothimon (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-01-2022) | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27.2.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33,33,43,040 | 37,87,66,487 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 13,08,78,444 | 13,10,77,579 |

## 1-1-1 ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

2019-20 വർഷത്തെ ബജറ്റ് 27.02.2019 ൽ പാസാക്കിയിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 2.6 Viii പ്രകാരം വിശദമായ ചർച്ചയ്ക്ക് ശേഷം മാത്രമേ ബഡ്ജറ്റ് പാസാക്കുവാൻ പാടുള്ളൂ. എന്നാൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനും പാസാക്കുന്നതിനുമായി 25.02.2019, 27.02.2019 എന്നീ തീയതികളിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക യോഗങ്ങളിൽ ബജറ്റുമായി ബന്ധപ്പെട്ട് ചർച്ച നടന്നതായി രേഖപ്പെടുത്തലില്ല.

3. ബജറ്റിൽ തുക വകയിരുത്തിയില്ല

താഴെപ്പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പഞ്ചായത്ത് 2019-20 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതായും ചെലവ് ചെയ്യിട്ടില്ലാത്തതായും കാണുന്നു.

| ക്രമ നമ്പർ | ബജറ്റിൽ രേഖപ്പെടുത്തി യിരിക്കുന്ന ഹെഡ് | ഹെഡിന്റെ വിവരണം |
|---|---|---|
| 1. | 2503010 | വ്യവസായ സഹകരണ മേഖല |
| 2. | 2503014 | പരമ്പരാഗത കൈതൊഴിലുകൾ |
| 3. | 2531006 | ആശ്രയ പദ്ധതി |
| 4. | 2516201 | ഊർജ്ജ സംരക്ഷണം |

4.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

5.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

6.ആസ്തി സൃഷ്ടിക്കൽ

താഴെപ്പറയും പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്നതിന് ബജറ്റിൽ വിഭാവനം ചെയ്തിരുന്നുവെങ്കിലും ആസ്തികൾ

സൃഷ്ടിക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടതായി കാണുന്നു.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 410300102 | റോഡുകൾ | 1,08,72,280 | 41,64,135 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ വളരെ കുറഞ്ഞ ചെലവ് |

7.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2101002 | വേജസ് | 10,00,000 | 10,12,148 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2304001 | വാടക | 70,000 | 371676 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 10, തീയതി 16.10.2021) ലഭ്യമാക്കിയ മറുപടിയിൽ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ അടുത്ത വർഷം മുതൽ തയ്യാറാക്കുന്നതാണെന്നും വിശദമായ ബജറ്റ് ചർച്ചകളും പ്രതിമാസ അവലോകനങ്ങളും നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-ഇ.എഫ്.എം.എസ് ട്രാൻസാക്ഷൻ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം നിലനിൽക്കുന്നതെന്നും അറിയിച്ചു. മേൽ സൂചിപ്പിച്ചവിധമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 27.05.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (ഓൺ ഫണ്ട്) എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ 3/- രൂപ (31.03.2020) രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.2020-ൽ അപ്രകാരം ഒരു തുക ബാങ്ക് അക്കൌണ്ടിൽ നേരിട്ട് ക്രഡിറ്റ് ചെയ്യപ്പെട്ടതായി കണ്ടില്ല.
2. റ്റി.എസ്.ബി(ഓൺ ഫണ്ട്) എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank എന്നതിനു കീഴെ രേഖപ്പെടുത്തിയിട്ടുള്ള 589015/-രൂപയുടെ ചെക്ക് (ചെക്ക് നം. 3060208 തീ.04.12.2019) കാലാവധി (ചെക്ക് തീയതി മുതൽ 3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. ട്രഷറി (ഓൺ ഫണ്ട്) വി.പി.എഫ്.എ1-3 എന്ന അക്കൌണ്ടിൽ 31.03.2020-ൽ 160.40 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ, ട്രഷറിയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
4. എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പൻസുമായി ബന്ധപ്പെട്ടതൊഴികെയുള്ള വരവ് ചെലവ് തുകകൾ ഒന്നും തന്നെ വാർഷിക കണക്കിൽ ഉൾപ്പെട്ടു വന്നിട്ടില്ല. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ഈയിനത്തിലുള്ള തൻവർഷത്തെ ചെലവിനായി പിൻവലിച്ചിട്ടുള്ള വരവ് 2357289/- രൂപ മാത്രമാണ്. എൻ.ആർ.ഇ.ജി.എസ് വിഭാഗം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ തൻവർഷം 112535000/- രൂപയുടെ ചെലവുണ്ട്.
5. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള തൻവർഷത്തെ ചെലവിനായി പിൻവലിച്ചിട്ടുള്ള വരവ് 5089696/- രൂപയാണെന്ന് കാണുന്നു. എന്നാൽ എ.സി.ആർ പ്രകാരം ഈയിനത്തിലുള്ള ചെലവ് 5715502/- രൂപയാണ്.
6. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലുള്ള തൻവർഷത്തെ ചെലവിനായി പിൻവലിച്ചിട്ടുള്ള വരവ് 1843779/- രൂപയാണെന്ന് കാണുന്നു. എന്നാൽ എ.സി.ആർ പ്രകാരം ഈയിനത്തിലുള്ള ചെലവ് 3363721/- രൂപയാണ്.
7. വാടക രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽ നികുതി എന്നീ രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഈയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.
8. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ലൈഫ് മിഷൻ സംസ്ഥാന വിഹിതമിനത്തിൽ തൻവർഷത്തെ ചെലവിനായി പിൻവലിച്ചിട്ടുള്ള വരവ് 25400000/-രൂപയാണ്. എന്നാൽ തൻവർഷത്തെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ 25398732/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.
9. ആസ്തി രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,ട്രേഡേഴ്സ് തൊഴിൽ നികുതി, ലൈസൻസ്, മാർക്കറ്റ് വരവ് എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.
10. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ | ആകെ | ഉറവിടത്തിൽ കുറവ് | ചെലവ് (എ.സി.ആർ | നീക്കി ബാക്കി |
|---|---|---|---|---|---|---|

| | | പ്രകാരം) | | ചെയ്തത് | പ്രകാരം) | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 31965999 | 31965999 | 4338234 | 17881344 | 9746421 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4742000 | 4742000 | 29412 | 3135158 | 1577430 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 704294 | 704294 | 3000 | 582563 | 121731 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8238000 | 8238000 | 00 | 3363721 | 4874279 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6547000 | 6547000 | 00 | 2329424 | 4217576 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16942176 | 16942176 | 00 | 5715502 | 11226674 (ലാപ്സ്ഡ്) |

1. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സംരക്ഷണ ഗ്രാൻറ് (റോഡ്) ഇനത്തിലുള്ള ചെലവ് 3363721/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് 1843779/-രൂപയാണ്.
2. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ചെലവ് 5715502/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് 5089696/-രൂപയാണ്.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 245 | 25,91,47,100 | 110 | 9,11,09,899 | 16 | 119 | 44.89 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,85,08,082 |
| വരവ് | 12,30,64,668 |
| ആകെ | 19,15,72,750 |
| ചെലവ് | 11,99,34,750 |
| നീക്കിയിരിപ്പ് | 7,16,38,000 |
| വരവിനങ്ങളിലെ നഷ്ടം | 11200 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15206 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 548992 |

## 1-7 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 358259 | 2003173 | 2361432 | 2357289 | 4143 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 110177711 | 110177711 | 110177711 | 00 |
| ആകെ | 358259 | 112180884 | 112539143 | 112535000 | 4143 |

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയുടെ വിവരം വാർഷിക ധനകാര്യ പത്രികയിലെ I-6ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2019-20 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 450720 | 254 |
| കർഷകതൊഴിലാളി പെൻഷൻ | 2311200 | 381 |
| വിധവാപെൻഷൻ | 5848200 | 676 |
| വാർദ്ധക്യകാല പെൻഷൻ | 12911700 | 2224 |
| വികലാംഗപെൻഷൻ | 3373300 | 588 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 738600 | 93 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11294/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. വാടക സംബന്ധിച്ച രജിസ്റ്ററിൽ വാടക ഈടാക്കിയ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മൊബൈൽ ടവറുകളുടെ വസ്തു നികുതി- കുടിശ്ശിക

പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 11 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 5 ടവറുകളുടെ നികുതി 2019-20 -ൽ ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | മൊബൈൽ ടവർ | കുടിശ്ശിക |
|---|---|---|

| | | |
|---|---|---|
| 4/266 | എയർടെൽടവർ | 5534 |
| 4/99 | ടവർ | 4140 |
| 21/659 | സബ് ഡിവിഷണൽ എൻജിനീയർ,(ബി.എസ്.എസ്2) | 6900 |
| 17/177 | റിലയൻസ് ടവർ | 2300 |
| 22/89 | ഭാരതി ഇൻടടെൽ ലിമിറ്റഡ് | 7022 |
| ആകെ | | 25896 |

ഇതിൽ സബ് ഡിവിഷണൽ എൻജിനീയർ,(ബി.എസ്.എസ് 2)ന്റെ ഉടമസ്ഥതയിലുള്ള ടവറിന് 2013-14 മുതൽ വസ്തുനികുതി കുടിശ്ശികയാണ്. നികുതി ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (21/21.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി സമയബന്ധിതമായി ഈടാക്കേണ്ട താണ്.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ 2019-20 ലെ തൊഴിൽ നികുതി സംബന്ധിച്ച റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

| ക്രമനം | സ്ഥാപനം | റിമാർക്ക്സ് |
|---|---|---|
| 1 | ശ്രീകണ്ഠമംഗലം ക്ഷീരോല്പ്പാദക സഹകരണസംഘം -94 D | രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയില്ല |
| 2 | കൊക്കോതമംഗലം മിൽമ സൊസൈറ്റി A150D | ,, |
| 3 | വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി 139D | ,, |
| 4 | തണ്ണീർമുക്കംക്ഷീരോല്പ്പാദക സഹകരണസംഘം -287D | ,, |
| 6 | എച്ച്.ഡി.എഫ്.സി .ബാങ്ക് | 2-ാം അർദ്ധവർഷം |
| 7 | ബി.എസ്.എൻ.എൽ തണ്ണീർമുക്കം സെക്ഷൻ | 2-ാം അർദ്ധവർഷം |

കൂടാതെ കൊടുത്തിരിക്കുന്നവരിൽ നിന്നും നികുതി ഈടാക്കിയില്ല.

1)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന അംഗീകൃത കരാറുകാർ

2)റേഷൻ കടയുടമകൾ

3)സി.ഡി.എസ് അക്കൌണ്ടന്റ്

II.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എച്ച്.ഡി.എഫ്.സി ബാങ്ക് | 2-ാംഅർദ്ധവർഷം |
| 2 | എസ്.ബി.ഐ വാരനാട് | 2-ാംഅർദ്ധവർഷം |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1&2 |

| | | |
|---|---|---|
| 4 | വാരണം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A 1317 | 1&2 |
| 6 | കണ്ണങ്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A 1806 | 1&2 |
| 7 | തണ്ണീർമുക്കം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2-ാംഅർദ്ധവർഷം |
| 8 | ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് 974 | 1&2 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (20/21.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും സമയബ ന്ധിതമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടക യഥാസമയം ഈടാക്കുന്നില്ല

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2019-20 വർഷത്തെ വാടകയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ വാടകയിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം/വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|
| 1 | സനൽ,കിഴക്കേ അച്ചൻ കോവിൽ, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ്, | 1278*12=15336 |
| 2 | ശാന്ത,കണ്ടംപള്ളി, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് | 631*12=7572 |
| 3 | രാജേഷ്, പടിഞ്ഞാറെ കൊറ്റിനാട്ട് തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് | 748*12 =8976 |
| 4 | രജിതാദീപു, വെളിയാകുളം വനിത വിപണനകേന്ദ്രം | 5500*12=66000 |
| 5 | പ്രദീപ്കുമാർ, ജയനിവസ്, പുത്തനങ്ങാടി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 539*12=6468 |

ഓഡിറ്റ് തീയതി വരെയും വാടക കുടിശ്ശിക ലഭിച്ചിട്ടില്ല. ഇതേ വ്യക്തികൾക്ക് തന്നെ 2020-21 വർഷത്തേയ്ക്കു കടമുറികൾ വാടയ്ക്കു നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (6/11.10.2021) നൽകിയതിന് വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ആയതുപ്രകാരം വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ (പട്ടിക ക്രമ നം -132), പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവർത്തിക്കേണ്ടവയാണ് പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1. കോക്കോതമംഗലം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 150 ഡി
2. വാരനാട് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 175 ഡി
3. തണ്ണീർമുക്കം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 287ഡി
4. വാരണം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 139 ഡി

മോട്ടോർറണ്ണിംഗ് ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം: | വാർഡ് നം/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 10/51A, കയർ വർക്ക്സ് | യു.വി.വിശ്വംഭരൻ, ശ്രീപാർവ്വതി | 65 HP | 1000/- |
| 2 | 1/302 | എൻ.ആർ.അർജ്ജുൻ, നെടുംചിറ | 12 HP | 200/- |
| | ആകെ | | | 1200/- |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (9/13.10.2021) നൽകിയതിനുള്ള മറുപടിയിൽ സൂചിപ്പിച്ചതു പ്രകാരം എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. നിയമാനുസൃത ഫീസ് ഈടാക്കി വരുമാനചോർച്ച തടയേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233 (എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-15 2018 ൽ നൽകിയ ഓണം അഡ്വാൻസ് തുക പൂർണ്ണമായി തിരികെ ഈടാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം, സീനിയർ ക്ളർക്ക് ശ്രീമതി.സിജിമോൾ.എൻ.എസ്, വൗച്ചർ നം.21800421/21.8.18 പ്രകാരം 2018-19ൽ ഓണം അഡ്വാൻസായി കൈപ്പറ്റിയ 15000/-രൂപയിൽ 9000/-രൂപ മാത്രമാണ് തിരികെ അടവാക്കിയിട്ടുള്ളത്. ബാക്കി 6000/- രൂപ നാളിതുവരെ തിരികെ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി.22.10.21) മറുപടി ലഭ്യമാക്കിയില്ല. ഓണം അഡ്വാൻസ് കൈപ്പറ്റി 3 വർഷങ്ങൾക്ക് ശേഷവും തിരികെ ഒടുക്കുവാൻ അവശേഷിക്കുന്ന 6000/-രൂപ ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-16 തനത് ഫണ്ട് വൗച്ചർ ചെലവ് - അപാകതകൾ

I)2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ, 22.5.19ൽ സംഘടിപ്പിച്ച കായൽ പുനർജ്ജീവനം ശിൽപശാലയിൽ പങ്കെടുത്ത 300പേർക്ക് ചായയും ഊണും നൽകിയ ഇനത്തിൽ, തനിമ കാറ്ററിംഗ് യൂണിറ്റ്, തണ്ണീർമുക്കത്തിന് നൽകാനായി 23400/- രൂപ വൗച്ചർ നം.21900138/25.5.19 പ്രകാരം അനുവദിച്ചു.

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ശിൽപശാലയിൽ 171 പേർ പങ്കെടുത്തതിന്റെ ഹാജർ മാത്രമാണ് ഹാജരാക്കിയത്.

2) തനിമ കാറ്ററിംഗ് യൂണിറ്റിന്റെ അക്കൗണ്ടിൽ തുക നൽകിയതിന്റെ രേഖയില്ല.

3) തുകയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24 തീയതി.22.10.21) മറുപടി ലഭ്യമാക്കിയില്ല. തനിമ കാറ്ററിംഗ് യൂണിറ്റിന്റെ 26/24.5.19 പ്രകാരമുള്ള ബില്ലിന്റെ വിവരവും ശിൽപശാലയിൽ പങ്കെടുത്തവരുടെ ഹാജർ പ്രകാരം അനുവദിക്കാവുന്ന തുകയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ഇനം | നിരക്ക് | എണ്ണം | നൽകിയ തുക | പങ്കെടുത്ത വരുടെ എണ്ണം | അനുവദി ക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| ഊണ് | 70 | 300 | 21000 | 171 | 11970 | 10062 (23400-13338) |
| ചായ | 8 | 300 | 2400 | 171 | 1368 | |
| ആകെ | | | 23400 | | 13338 | |

രേഖകളുടെ അഭാവത്തിൽ അധികം അനുവദിച്ച തുക 10062/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 അതിജീവനം - അപാകതകൾ

2019-20-ൽ തനത് ഫണ്ടിൽ നിന്നും 200000/-രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം ചെയ്ത പ്രോജക്ടാണ് അതിജീവനം (പ്രോജക്ട് നം-S0056/20). തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ പകർച്ചവ്യാധികളായ

പ്രാണിജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയുടെ നിയന്ത്രണവും പ്രതിരോധവും, മഴക്കാലത്തിന് മുന്നോടി യായിട്ട് നടത്തേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ, വീട് സന്ദർശനം, ലഘുലേഖ വിതരണം, കൊതുക നശീകരണത്തിനായി നടപടികൾ, പകർച്ചവ്യാധികൾ പകരാനുള്ള സാധ്യത കണ്ടെത്തി തുടർ നടപടി സ്വീകരിക്കുക, മുൻവർഷങ്ങളിൽ ഡെങ്കി, എലിപ്പനി പോലുള്ള രോഗങ്ങൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ രോഗപ്രതിരോധത്തിന് നടപടി സ്വീകരിക്കുക എന്നിവയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും.

I)ചെക്ക് നം.3060295/26.3.20 തുക.168120/- പ്രകാരം, 1 മുതൽ 23 വരെയുള്ള വാർഡുകളിലെ വാളന്റിയേഴ്സിന് റമ്യൂണറേഷൻ ഇനത്തിൽ 168120/- രൂപ ചെലവഴിച്ചു.

II)ചെക്ക് നം.3060289/23.3.20 തുക.31880/- പ്രകാരമുള്ള ചെലവിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം, സ്ഥാപനം | ബിൽനം, തീയതി | വൗച്ചർ നം | തുക | തുക അനുവദിച്ച് നൽകിയത് |
|---|---|---|---|---|---|
| 1 | ക്ലോത്ത് ബാനറിന്റെ വില, കളേഴ്സ് തണ്ണീർമുക്കം | 2064, 29.10.19 | 1/19-20 | 500 | സോണി, JHI |
| 2 | സ്റ്റേഷണറി പേപ്പർ വേൾഡ് ചേർത്തല | 370, 30.10.19 | 2/19-20 | 3350 | ഓമന ഗോപാലകൃഷ്ണൻ |
| 3 | സ്റ്റേഷണറി പേപ്പർ വേൾഡ് ചേർത്തല | 383, 16.11.19 | 4/19-20 | 4050 | |
| 4 | റിഫ്റെഷ്മെന്റ് അനിത.എസ്, കരിപ്പയിൽ | കൈപ്പറ്റ് വൗച്ചർ 30.10.19 | 3/19-20 | 3000 | ജതിരാജ്,JHI |
| 5 | റിഫ്റെഷ്മെന്റ് ബൈജു, കാച്ചുകാട്ട് | കൈപ്പറ്റ് വൗച്ചർ 16.11.19 | 5/19-20 | 1600 | സ്മിത വിജയൻ JHI |
| 6 | പ്രിന്റിംഗ് ചാർജ്ജ് വീണ പ്രിന്റേഴ്സ് തണ്ണീർമുക്കം | 531, 10.03.20 | 6/19-20 | 7700 | പ്രദീപ്.പി.പി |
| 7 | IECബോർഡിന്റെ വില, കുറുപ്പ് ഫ്ലക്സ് പ്രിന്റിംഗ് ചേർത്തല | 1319, 13.3.20 | 7/19-20 | 11680 | സുരേഷ്കുമാർ |

അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നം.1 ലെ ക്ളോത്ത് ബാനറിന്റെ ചെലവ് 500/- രൂപ സോണി.എസ്. JHI യുടെ അക്കൗണ്ടിൽ നൽകി.

2) ക്രമ നം. 4 പ്രകാരം, 30.10.19 ന് 1,2,3,4,5,21,22,23 വാർഡുകളിലെ പ്രതിരോധ വോളന്റിയർമാർക്ക് NSS കരയോഗം ഹാളിൽ വച്ച് നടത്തിയ പരിശീലന പരിപാടിയിൽ ചായയും ലഘുഭക്ഷണവും നൽകിയ ഇനത്തിൽ അനിത.എസ്, കരിപ്പയിൽ 3000/- രൂപ സി.എച്ച്.സി.മെഡിക്കൽ ഓഫീസർ പക്കൽ നിന്നും കൈപ്പറ്റിയതിന്റെ വൗച്ചർ ഹാജരാക്കി. എന്നാൽ തുക ജതിരാജ്, JHI യുടെ അക്കൗണ്ടിൽ നൽകി.

3) ക്രമ നം. 5 പ്രകാരം, 16.11.19 ന് 6,7,8,9,10,11,12 വാർഡുകളിലെ പ്രതിരോധ വോളന്റിയർമാർക്ക് തണ്ണീർമുക്കം ഗവ.ഹൈസ്കൂളിൽ വച്ച് നടത്തിയ പരിശീലന പരിപാടിയിൽ ചായയും ലഘുഭക്ഷണവും നൽകിയ ഇനത്തിൽ ബൈജു, കാച്ചക്കാട്ട് 1600/- രൂപ സി.എച്ച്.സി.മെഡിക്കൽ ഓഫീസർ പക്കൽ നിന്നും കൈപ്പറ്റിയതിന്റെ വൗച്ചർ ഹാജരാക്കി. എന്നാൽ തുക സ്മിത വിജയൻ, JHI യുടെ അക്കൗണ്ടിൽ നൽകി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/7.10.21), സമയബന്ധിതമായി ചെലവ് തുകകൾ ബന്ധപ്പെട്ടവർക്ക് നേരിട്ട് നൽകുകയും പിന്നീട് തുക JHI,തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യുന്നതെന്ന് മറുപടി ലഭ്യമാക്കി. ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് തുക നൽകുന്ന നടപടി ക്രമവിരുദ്ധമാണ്. ഭാവിയിൽ തുക അതാത് സ്ഥാപന ഉടമകളുടെ ബാങ്ക് അക്കൗണ്ട് രേഖകൾ വാങ്ങി, ആയതിലേക്ക് നൽകുന്നതിനാവശ്യമായ നടപടികൾ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 സാന്ത്വനം - KMSCL സാധനങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം - S 0053/20, പ്രോജക്ടിന്റെ പേര് - സാന്ത്വനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

വകയിരുത്തൽ

വികസനഫണ്ട് - 530000/- തനത്ഫണ്ട് - 300000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 200000/-

ആകെ അടങ്കൽ - 1030000/-

ചെലവ്

വികസനഫണ്ട് - 500000/- തനത്ഫണ്ട് - 297129/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 200000/-

ആകെ ചെലവ് - 997129/-

1) ബിൽ നം.23/19-20/12.2.20 തുക.186705/-

2) ചെക്ക് നം.3060253/25.2.20 തുക.140675/-

KMSCL നിന്നും PRF4005/22.1.20 ( ഇൻവോയ്സ് നം/തീയതി) ന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty (Nos) | Rate | Cgst (6%) | Sgst (6%) | Total |
|---|---|---|---|---|---|---|
| 1 | Cottonwool 400gm(Ramaraju) | 900 | 125.40 | 6771.60 | 6771.60 | 126403.20 |
| 2 | Syringe 10ml (Hindustan) | 1000 | 4 | 240 | 240 | 4480 |
| 3 | Syringe 5ml (Hindustan) | 501 | 2.914 | 87.47 | 87.47 | 1632.85 |
| 4 | Metrogyl400mgtab | 10000 | 0.74 | 444 | 444 | 8288 |
| 5 | Lox 2% Jelly 30gm | 500 | 28.56 | 856.80 | 856.80 | 15993.60 |
| 6 | Foly Catherer-18 (Rusch) | 500 | 52.90 | 1587 | 1587 | 29624 |
| 7 | Foly Catherer-16 (Rusch) | 500 | 52.90 | 1587 | 1587 | 29624 |
| 8 | Povidone Iodine 5% Soln 500ml-BG(M.P) | 150 | 81.46 | 733.14 | 733.14 | 13685.28 |
| 9 | Citralka Liquid 100ml | 100 | 56.74 | 340.44 | 340.44 | 6354.88 |
| 10 | Gerbisa Tab 5mg | 1000 | 0.73 | 43.80 | 43.80 | 817.60 |
| 11 | Gauzebandage 100X10M | 865 | 76.48 | 3969.31 | 3969.31 | 74093.82 |
| Handling Charges -5% | | | | | | 13883.81 |

| | |
|---|---|
| Handling Charges GST -18% | 2499.09 |
| GRAND TOTAL | 327380 |

3) ബിൽ നം.22/19-20/12.2.20 തുക. 200000/-

KMSCL നിന്നും PRF4006/22.1.20 ( ഇൻവോയ്സ് നം/തീയതി) ന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty (Nos) | Rate | Cgst | Sgst | Total |
|---|---|---|---|---|---|---|
| 1 | Backrest SS(Hospitech) Medi House | 3 | 2470 | 0 | 0 | 7410 |
| 2 | Waterbed SDX (Safetouch) | 30 | 812.38 | 1462.28 (6%) | 1462.28 (6%) | 27295.96 |
| 3 | Air Bed(Anti Decubtis Mattress Safe Touch) | 15 | 2321.24 | 2089.12 (6%) | 2089.12 (6%) | 38996.84 |
| 4 | Wheel Chair(Lifecare) | 5 | 4123.90 | 515.49 (2.5%) | 515.49 (2.5%) | 21650.48 |
| 5 | Gloves Sterile 7.5 (Surgicare) | 8045 | 10.49 | 5063.52 (6%) | 5063.52 (6%) | 94519.09 |
| 6 | Syringe 2ml(Hindustan) | 1 | 1.90 | 0.11 (6%) | 0.11 (6%) | 2.12 |
| Handling Charges -5% | | | | | | 8580.67 |
| Handling Charges GST -18% | | | | | | 1544.52 |
| GRAND TOTAL | | | | | | 200000 |

4) ബിൽ നം.19/19-20/20.12.19 തുക. 86085/-

REGAL FURNITURE, CHERTHALA നിന്നുള്ള RF3240/19.10.19ന്റെ ( ഇൻവോയ്സ് നം/തീയതി) വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty | Rate | Total |
|---|---|---|---|---|
| 1 | STEEL RACK | 3 | 3235.29 | 9705.88 |
| Cgst(9%) | | | | 873.53 |
| Sgst(9%) | | | | 873.53 |
| Kfc(1%) | | | | 97.06 |
| GRAND TOTAL | | | | 11550 |

അപാകതകൾ ചുവടെ ചേർക്കുന്നു.

1)KMSCLന്റെ ഇൻവോയ്സുകൾ പ്രകാരം 327380/-,200000/- എന്നിങ്ങനെ തുക അനുവദിച്ച് നൽകി. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം, ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമായതിന്റെ രേഖകൾ, വിതരണരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

2) REGAL FURNITURE, CHERTHALA നിന്നും Steel Rack വാങ്ങിയതിന്റെ 11550/- രൂപ ഷീജ.ആർ, പാലിയേറ്റീവ് നഴ്സിന്റെ അക്കൗണ്ടിൽ നൽകി. സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തുക നൽകാതിരുന്നതിനുള്ള കാരണവും സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4.തീയതി. 8.10.21) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആകെ ചെലവ് തുകയിൽ അപാകതകളുള്ള 538930/-രൂപയുടെ (327380/-+200000/-+11550/-) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മുട്ടക്കോഴി വിതരണം-പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ല.

1.പ്രോജക്റ്റ് നം.31

പ്രോജക്റ്റിന്റെ പേര്: മുട്ടക്കോഴി വളർത്തൽ

അടങ്കൽ -വികസന ഫണ്ട് : 200000/-രൂപ

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്): 200000/-രൂപ

ആകെ: 400000/-രൂപ

